PAN/5653/2022-E1(DP)

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ പി.ഒ. തിരുവനന്തപുരം - 695003
directorofpanchayat@gmail.com
0471-2323286 തീയതി : 14/09/2022

## സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് -ജീവനക്കാര്യം -തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർക്ക് അവധി അനുവദിക്കുന്നത്- സംബന്ധിച്ച്.

സൂചന:
1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 02/06/2022 ലെ B1/92/2022-SEC(2) നമ്പർ കത്ത്
2. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 39

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി നേരിട്ട് പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അവധി അനുവദിക്കുന്നത് തിരഞ്ഞെടുപ്പ് നടത്തിപ്പിനെ സാരമായി ബാധിക്കുന്നതായും ഇത്തരം നടപടികൾ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനമാണെന്ന് സൂചന(1) പ്രകാരം ബഹു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

സൂചന (1), (2) എന്നിവയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സുഗമമായ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി നേരിട്ട് പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അവധി അനുവദിക്കേണ്ടതായ സാഹചര്യമുണ്ടെങ്കിൽ ആയതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതി വാങ്ങിയതിന് ശേഷം മാത്രമേ അനുവദിക്കാൻ പാടുള്ളു എന്ന് നിർദേശിക്കുന്നു. ടി വിഷയത്തിൽ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

H. DINESHAN IAS
DIRECTOR OF PANCHAYATH

പകർപ്പ്:-

1. സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
2. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ ജില്ല/ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
4. കരുതൽ /അധികം

Signature Not Verified

Digitally signed by DINESHAN H
Date: 2022.09.14 15:32:19 IST
Reason: Approved